ബാങ്ക് കൗണ്ടറുകളിൽ കറൻസിനോട്ട് എണ്ണിത്തിട്ടപ്പെടുത്താനുള്ള യന്ത്രങ്ങൾ സ്ഥാപിക്കൽ

ആർ.ബി.ഐ /2004/30 ജനുവരി 29, 2004

ഡി.സി.എം (പ്ലാനിംഗ്) നമ്പർ.874/10.36.00/2003-04

ചെയർമാൻ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ

അസ്സോസിയേറ്റ് ബാങ്കുകളുടെ മാനേജിംഗ് ഡയറക്ടർമാർ

ദേശസാൽകൃത ബാങ്കുകളുടെ ചെയർമാൻമാരും മാനജിംഗ് ഡയറക്ടർമാരും

ചെയർമാൻമാർ /സ്വകാര്യമേഖലാബാങ്കുകളുടെ CEO മാർ/ വിദേശ ബാങ്കുകൾ/ ഗ്രാമീണ മേഖലാ ബാങ്കുകൾ/ ലോക്കൽ ഏരിയ ബാങ്കുകൾ.

സർ,

**ബാങ്ക് കൗണ്ടറുകളിൽ കറൻസി നോട്ട് എണ്ണി തിട്ടപ്പെടുത്താനുള്ള യന്ത്രങ്ങൾ സ്ഥാപിക്കൽ**

നവംബർ 7, 2001 ലെ ഡി.ബി.ഒ.ഡി നമ്പർ ഡി ഐ ആർ ബി.സി/43/13.03.00/2001-02 പ്രകാരം റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, പൊതുതാല്പര്യം പരിഗണിച്ച് ബാങ്കിംഗ് റഗുലേഷൻ അക്ട്, 1949 ലെ സെക്ഷൻ 35A യിലെ നിർദ്ദേശങ്ങൾ എല്ലാ കൊമേഴ്സ്യൽ ബാങ്കുകളും നടപ്പിലാക്കണമെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം എല്ലാ കൊമേഴ്സ്യൽ ബാങ്കുകളും സ്റ്റേപ്പിൾ ചെയ്യാത്ത കറൻസി നോട്ടുകൾ മാത്രമേ സ്വീകരിക്കാനും പുറത്തുനൽകാനും പാടുള്ളൂ. ഇരു വശങ്ങളിലും എണ്ണം പ്രദർശപ്പിക്കുന്ന തരത്തിലുള്ള (ഡ്യുവൽ-ഡിസ്പ്ലേ) കറൻസിനോട്ട് എണ്ണുന്നതിനുള്ള യന്ത്രങ്ങൾ (കൗണ്ടിംഗ്മെഷിൻ) കൗണ്ടറുകളിൽ സ്ഥാപിക്കണമെന്ന നിർദ്ദശം ബാങ്കുകൾക്ക് ഇടയ്ക്കിടെ നൽകുന്നുണ്ട്. ഉപഭോക്താക്കൾക്ക് കൗണ്ടറുകളിൽകൂടി നൽകപ്പെടുന്ന കറൻസി നോട്ടുകളുടെ എണ്ണത്തിലുള്ള കൃത്യത ഉറപ്പാക്കാൻ ഈ സംവിധാനം സഹായമാകുന്നതാണ്

2. എന്നാൽ പല ബാങ്ക് ശാഖകളിലും ഡ്യുവൽ-ഡിസ്പ്ലേ കൗണ്ടിംഗ് യന്ത്രങ്ങളുടെ അഭാവം ഉപഭോക്താക്കൾ പലപ്പോഴായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, അവശ്യമായ ഡ്യുവൽ-ഡിസ്പ്ലേ കൗണ്ടിംഗ് യന്ത്രങ്ങൾ ബാങ്കിന്റെ ശാഖകളിൽ സ്ഥാപിച്ച് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കണമെന്ന് താങ്കൾ സദയം ഉറപ്പാക്കേണ്ടതാണ്.

3. കത്ത് കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

(വി അർ ഗെയ്ക് വാഡ്)

ചീഫ് ജനറൽ മാനേജർ